# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 529** **27.02.2018-ൽ മറുപടിക്ക്**

## വഴിവിളക്ക് പദ്ധതി

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2016-17 വർഷത്തെ ആസ്തി വികസനഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് കോതമംഗലം മണ്ഡലത്തിൽ ഭൂതത്താൻകെട്ട് മുതൽ വടാട്ടുപ്പാറ മീരാൻ സിറ്റിവരെ ലൈൻ വലിച്ച് വഴിവിളക്കിടുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | ഭൂതത്താൻ കെട്ട് മുതൽ വടാട്ടുപാറ മീരാൻ സിറ്റി വരെ വൈദ്യുതി ലൈൻ വലിച്ച് വഴിവിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി ലെജിസ്ലേറ്റീവ് അസംബ്ലി കോൺസ്റ്റിറ്റ്യൂൻസി അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, മൊബിലൈസേഷൻ അഡ്വാൻസായി എസ്റ്റിമേറ്റ് തുകയുടെ 20% ആയ 5 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് 22.02.2018 – ലെ ജി.ഒ (ആർ.റ്റി)നം.36/18/ഊ.വ പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഭരണാനുമതി ലഭ്യമായിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തതിന്റെ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ; | | |
| (സി) | കാട്ടാനയടക്കമുള്ള വന്യമൃഗശല്യം രൂക്ഷമായ പ്രസ്തുത പ്രദേശത്ത് എത്രയും വേഗത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ